# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 15**

---

## എം.ജി ഓണേഴ്സ് ബിരുദം; ആദ്യ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് മോഡ് ഓഫ് അഡ്മിഷൻ (സ്ഥിരം/താത്കാലികം) തെരഞ്ഞെടുത്ത് ജൂൺ 19ന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ പ്രവേശനം നേടണം.

ഒന്നാം ഓപ്ഷൻ ലഭിച്ചവരും സ്ഥിര പ്രവേശം തെരഞ്ഞടുത്തവരും ഈ സമയപരിധിക്കുള്ളിൽ കോളേജുകളിൽ നേരിട്ട് ഹാജരായാണ് പ്രവേശനം നേടേണ്ടത്.

താത്കാലിക പ്രവേശം തെരഞ്ഞടുത്തവർ കോളേജുകളിൽ ബന്ധപ്പെട്ട് പ്രവേശം ഉറപ്പാക്കിയാൽ മതിയാകും. സ്ഥിരമായോ താത്കാലികമായോ പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. പരാതികൾ ഉണ്ടാകുന്ന പക്ഷം സമർപ്പിക്കുന്നത് കൺഫർമേഷൻ സ്ലിപ്പ് ആവശ്യമാണ്.

(പി.ആർ.ഒ/39/471/2024)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ ബിവോക് (2017, 2018 അഡ്മിഷനുകൾ സപ്ലിമെൻ്ററി, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്-പഴയ സ്കീം) പരീക്ഷ ജൂൺ 26ന് ആരംഭിക്കും ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

......

ഏഴാം സെമസ്റ്റർ ഐഎംസിഎ(2020 അഡ്മിഷൻ റഗുലർ പരീക്ഷകൾ ജൂൺ 24ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.....

അഞ്ചാം സെമസ്റ്റർ ഇൻ്റഗ്രേറ്റഡ് എംഎസ്സി, എംഎ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റും സപ്ലിമെൻ്ററിയും) പരീക്ഷകൾ ജൂലൈ അഞ്ചിന് ആ

രംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/472/2024)

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

ജൂൺ 20ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം-പ്രൈവറ്റ് രജിസ്ട്രേഷൻ(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് സബ്സെന്ററുകൾ അനുവദിച്ചുള്ള വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.
ജൂൺ 18 മുതൽ അതത് കേന്ദ്രങ്ങളിൽനിന്ന് ഹാൾടിക്കറ്റുകൾ ലഭിക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കേന്ദ്രത്തിൽനിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രത്തിൽ പരീക്ഷ എഴുതണം.
(പി.ആർ.ഒ/39/473/2024)

## പ്രാക്ടിക്കൽ

ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ ഐഎംസിഎ(2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ഡിഡിഎംസിഎ(2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 19 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/474/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് സിഎസ്എസ്(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്ട് വൈവ വോസി പരീക്ഷ ജൂൺ 26ന് കാലടി ശ്രീശങ്കര കോളജിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/475/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**